Chief Minister (**Shri E. M. Sankaran Namboodiripad**): I second it.

The motion was put and carried.

The Payment of Wages (Kerala Amendment) Bill

Labour Minister (**Shri Mathai Manjooran**): Sir, I move that the time for the presentation of the Report of the Select Committee on the Payment of Wages (Kerala Amendment) Bill, 1968 be extended till the 5th August, 1969.

Chief Minister (**Shri E. M. Sankaran Namboodiripad**): I second it.

The motion was put and carried.

The Kerala Shops and Establishments (Amendment) Bill

Labour Minister (**Shri Mathai Manjooran**): Sir, I move that the time for the presentation of the Report of the Select Committee on the Kerala Shops and Commercial Establishments (Amendment) Bill, 1969 be extended till the 5th August 1969.

Chief Minister (**Shri E. M. Sankaran Namboodiripad**): I second it.

The motion was put and carried.

(2) Presentation of Select Committee Reports

The Kerala Gaming (Amendment) Bill

Chief Minister (**Shri E. M. Sankaran Namboodiripad**): Sir, I present the Report of the Select Committee on the Kerala Gaming (Amendment) Bill, 1969.

Mr. Speaker: The Report is presented.

The Kerala Land Conservancy (Amendment) Bill

Shri E. V. Kumaran: Sir, on behalf of the Revenue Minister, I present the Report of the Select Committee on the Kerala Land Conservancy (Amendment) Bill, 1968.

Mr. Speaker: The Report is presented.

The Kerala Electricity Duty (Amendment) Bill

Shri M. Moideenkutty Haji: Sir, on behalf of the Agriculture and Electricity Minister, I present the Report of the Select Committee on the Kerala Electricity Duty (Amendment) Bill, 1968.

Mr. Speaker: The Report is presented.

The Payment of Wages (Kerala Amendment) Bill

Labour Minister (**Shri Mathai Manjooran**): Sir, I present the Report of the Select Committee on the Payment of Wages (Kerala Amendment) Bill, 1968.

Mr. Speaker: The Report is presented.

The Kerala Shops and Establishments (Amendment) Bill

Labour Minister (**Shri Mathai Manjooran**): Sir, I present the report of the Select Committee on the Kerala Shops and Commercial Establishments (Amendment) Bill, 1969.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: The Report is presented.

(3) The Kerala Municipal Corporations (Amendment) Bill, 1969.

Works Minister (**Shri T. K. Divakaran**): Sir, I introduce the Kerala Municipal Corporations (Amendment) Bill, 1969. I also lay on the table a statement showing the circumstances which necessitated the immediate legislation by Ordinance.

Mr. Speaker: The Bill stands introduced.

Shri T. K. Divakaran: Sir, I move that the Kerala Municipal Corporations (Amendment) Bill, 1969, be taken into consideration.

Education Minister (**Shri C. H. Muhammed Koya**): Sir, I second it

മരാമത്ത് മന്ത്രി ശ്രീ. ടി. കെ. ദിവാകരൻ: സർ, ഇപ്പോൾ നിലവിലിരിക്കുന്ന കോർപ്പറേഷൻ ആക്ടിന് അനുസരിച്ച് എല്ലാ കൗൺസിലുകളും തിരഞ്ഞെടുപ്പിനുശേഷം നവംബർ മാസം 1-ാം തീയതിയോടുകൂടിയാണ് നിലവിൽ വരുന്നത്. പുതുതായി ഉണ്ടാക്കിയ കാലിക്കട്ട് കോർപ്പറേഷനും മറ്റും കേരളപ്പിറവി ദിവസമായ നവംബർ 1-ാം തീയതി അധികാരത്തിൽ വരണമെന്ന ഉദ്ദേശത്തോടുകൂടിയാണ് അന്ന നിയമസഭ അങ്ങനെയൊരു തീരുമാനമെടുത്തത്. പക്ഷേ തിരഞ്ഞെടുപ്പു കഴിഞ്ഞ കൗൺസിലുകളുടെ കാലാവധി അഞ്ചു വർഷമാണ്. അടുത്തകൊല്ലം തിരഞ്ഞെടുപ്പുണ്ടായിരുന്നാലും ഈ കാലയളവിനുള്ളിൽ, നവംബറിൽ മെമ്പർഷിപ്പ് തീരത്തക്കവണ്ണം തിരഞ്ഞെടുപ്പുകൾ നടത്തണമെന്നാണ് ഇന്നത്തെ നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളത്. അതിന് പലപ്പോഴും പല പ്രയാസങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. ചില കാരണങ്ങളാൽ കൗൺസിലുകളുടെ കാലാവധി അഞ്ചുകൊല്ലത്തിനുമേൽ നീട്ടേണ്ട പുറപാടുകളും ഗവണ്മെൻറിനുണ്ടായിട്ടുണ്ട്. പുതിയതായി കൊച്ചിൻ കോർപ്പറേഷൻ രൂപീകരിച്ച അവസരത്തിൽ ഈ നവംബർ മാസം തന്നെ കൗൺസിലുകൾ അധികാരത്തിൽ വരത്തക്കവണ്ണം തിരഞ്ഞെടുപ്പുകൾ നടത്തുക എന്നുള്ളതാണ് പ്രയാസങ്ങൾ ഉണ്ടാക്കുന്നു എന്നു കണ്ടതുകൊണ്ടും തിരഞ്ഞെടുപ്പുകൾ വളരെ നീട്ടിക്കൊണ്ടു പോകുന്നതു ശരിയല്ലെന്നു കണ്ടതുകൊണ്ടും ഏതവസരത്തിലും പുതിയ കൗൺസിലുകൾ അധികാരത്തിൽ വരുത്തുന്നതിനും മേയറേയും ഡെപ്യൂട്ടി മേയറേയും തിരഞ്ഞെടുക്കുന്നതിനും ഗവണ്മെൻറിന് അധികാരം നൽകുന്നതിനു വേണ്ടിയാണ് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇക്കഴിഞ്ഞ കൊച്ചിൻ കോർപ്പറേഷൻ തിരഞ്ഞെടുപ്പു നടന്ന അവസരത്തിൽ അന്ന തിരഞ്ഞെടുക്കപ്പെട്ട കൗൺസിലിനു അന്ന നിലവിലിരുന്ന നിയമപ്രകാരം നവംബർ മാസത്തിൽ മാത്രമേ അധികാരത്തിൽ വരാൻ പാടുകയുള്ളു എന്നു കണ്ടതുകൊണ്ട് അത്രവരെ നീട്ടിക്കൊണ്ടു പോകേണ്ടതില്ലെന്നു കരുതി ഈ ഓർഡിനൻസ് മൂലം ആ കൗൺസിലിനെ നേരത്തെ അധികാരത്തിൽ വരുത്തുകയുണ്ടായി. ഇതിനുവേണ്ടിയാണ് അടിയന്തിരമായി ഈ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇത് നിയമമാക്കിത്തരണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. സി. എസ്. നീലകണ്ഠൻനായർ: സർ, ഈ നിയമത്തെ അനുകൂലിക്കുന്നതോടൊപ്പം എനിക്ക് ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത് ഒരു കാര്യമാണ്. അതായത് നവംബർ 1-ാം തീയതി എന്നുള്ളതിനു കേരളപ്പിറവി ദിനം എന്നതിനുപരിയായി വളരെ പ്രാധാന്യമുണ്ടെന്നുള്ള സംഗതി നാം മനസിലാക്കണം. അതായത് പുതിയ സ്റ്റാൻഡിംഗ് കമ്മിറ്റികളും പുതിയ മേയറും വന്നുകഴിഞ്ഞാൽ ഉടൻതന്നെ അടുത്തവർഷത്തേയുള്ള ബഡ്ജറ്റ് അവതരിപ്പിക്കേ

LIBRARY ARCHIVES Kerala Legislative Assembly